<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2992** | **12-07-2022 - ൽ മറുപടിയ്ക്ക്**

## തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പ്രാദേശികാടിസ്ഥാനത്തിലുള്ള തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നറിയിക്കാമോ; | (എ) | പ്രാദേശികാടിസ്ഥാനത്തിലുള്ള തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് 2018 മുതൽ വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 613 കലാകാരന്മാർ സംസ്ഥാന വ്യാപകമായി വിവിധ കലാരൂപങ്ങളിൽ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് വേണ്ടത്ര സജ്ജീകരണങ്ങൾ ഇല്ലാത്ത ഇടങ്ങളിൽ തുറന്ന സ്റ്റേജ് നിർമ്മിച്ച നൽകുന്ന നാട്ടരങ്ങ് പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. റൂറൽ ആർട്ട് ഹബ്ബ് പദ്ധതി വഴി കേരളത്തിലെ പൈതൃക കരകൗശല ഗ്രാമങ്ങളിലെ കരകൗശല/കലാകാരന്മാർക്ക് സർക്കാർ പ്രോത്സാഹനം നൽകി വരുന്നു.<br><br>കേരള ഫോക് ലോർ അക്കാദമി ഗ്രാമ സന്ധ്യകൾ എന്ന പേരിൽ ഗ്രാമങ്ങളിൽ പ്രഭാഷണങ്ങളും കലാവതരണങ്ങളും ചെയ്ത് വരുന്നുണ്ട്.<br><br>മാപ്പിള കലകൾ സജീവമാക്കുന്നതിനു പുറമെ പാടിപ്പറയൽ,ചവിട്ടുകളി,ചീനിമുട്ട്,മുട്ടുംവിളി തുടങ്ങിയ പ്രാദേശിക കലകളുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനും മഹാകവി മൊയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയും പ്രവർത്തിച്ചു വരുന്നു |
| (ബി) | കോങ്ങാട് മണ്ഡലത്തിലെ കഥകളി, പൊറാട്ട് നാടകം കലാകാരന്മാരെയും പ്രസ്തുത കലാരൂപങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | **പൊറാട്ട് നാടകം ഉൾപ്പെടെയുള്ള നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം പൊറാട്ട് കലാകാരന്മാർക്ക് പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും അവശകലാകാരന്മാരുടെ ചികിത്സയ്ക്കായി പരമാവധി 25000/- രൂപ വരെ ധനസഹായവും കേരള ഫോക് ലോർ അക്കാദമി അനുവദിക്കുന്നുണ്ട്. സംസ്ഥാനമൊട്ടാകെയുള്ള കഥകളി** |

| | | | |
|---|---|---|---|
| | | | **കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കേരള കലാമണ്ഡലവും കേരള സംഗീത നാടക അക്കാദമിയും സ്വീകരിച്ചു വരുന്നുണ്ട്.** |
| (സി) | സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന കലാഗ്രാമം പദ്ധതി വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | **കലാഗ്രാമം പദ്ധതി സാംസ്കാരിക വകുപ്പിൽ നിലവിലില്ല എന്നാൽ ഈ സാമ്പത്തിക വർഷം മുതൽ പൈതൃകഗ്രാമം എന്ന പേരിൽ ഒരു പദ്ധതി സാംസ്കാരിക വകുപ്പ് വഴി നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ആരംഭ ദിശയിലാണ്. കൂടാതെ കലാ കരകൗശല വിദഗ്ധർക്ക് പ്രോത്സാഹനം നൽകി ഗ്രാമീണ കലാകേന്ദ്രം പദ്ധതി വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ